**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : H. DINESHAN IAS )**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഭരണജാഗ്രത - ഇടുക്കി ജില്ല – ബൈസൺ വാലി ഗ്രാമപഞ്ചായത്ത് - സീനിയർ ക്ലാർക്ക് ശ്രീ. ഷിബു പി. (പെൻ 735641) - അനധികൃത അവധിയിൽ തുടരുന്നത് - അച്ചടക്ക നടപടിയിൽ ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:
1) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 24-03-2025 ലെ LSGD/JD/IDK/2593/2023-A2 നമ്പർ കത്ത്.
2) പ്രിൻസിപ്പൽ ഡയറക്ടറുടെ 08-07-2025 ലെ LSGD/PD/19131/2025-VIGB3 നമ്പർ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക.
3) തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 16-09-2025 ലെ LSGD/JD/IDK/3259/2025-A3 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ. LSGD/PD/19131/2025-VIGB3തീയതി: 23-10-2025</u>**

ഇടുക്കി ജില്ലയിൽ ബൈസൺ വാലി ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ആയിരുന്ന ശ്രീ. ഷിബു പി. (പെൻ 735641) 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നുവെന്നും ശൂന്യവേതനാവധി കാലാവധി പൂർത്തിയായിട്ടും ജോലിയിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നും, ടിയാൻ അനധികൃതമായി അവധിയിൽ തുടരുന്നതായും പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

അവധി അനുവദിച്ച കാലയളവ് പൂർത്തിയായതിന് ശേഷവും, അവധി അപേക്ഷ സമർപ്പിക്കാതെയും സർവ്വീസിൽ പുനഃപ്രവേശിക്കാതെയും അനധികൃതമായി അവധിയിൽ തുടരുന്നത് ടിയാന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അച്ചടക്കലംഘനം, ചട്ടലംഘനം. കൃത്യവിലോപം, അധികാര ദുർവിനിയോഗം, മേലധികാരികളോടുള്ള നിഷേധാത്മക സമീപനം, സർക്കാർ സേവനത്തോടുള്ള അനാദരവുമാണെന്ന് കണ്ടുകൊണ്ട് പരാമർശം (2) പ്രകാരം ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകി അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നു.

കുറ്റാരോപണ മെമ്മോ/ പത്രികയ്ക്ക് ശ്രീ. ഷിബു പി. യുടെ കൈപ്പറ്റ് പകർപ്പ്, എതിർവാദ പത്രിക സമർപ്പിച്ചിട്ടില്ല എന്നുള്ള വിവരം എന്നിവ പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ടി വിഷയത്തിൽ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം ആവശ്യമാണെന്ന് കാണുന്നതിനാൽ

അപ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കെ. സെൻകുമാർ- നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാന്വൽ ലെ ഖണ്ഡിക 18 മുതൽ 42 വരെയുള്ള നിബന്ധനകൾ കർശനമായും പാലിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് 30 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരന് നിർബന്ധമായും നൽകേണ്ടതുമാണ്.

H. DINESHAN IAS
PRINCIPAL DIRECTOR

1. ശ്രീ. കെ. സെൻകുമാർ

അസിസ്റ്റന്റ് ഡയറക്ടർ

തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

2. ശ്രീ. ഷിബു പി.

മുൻ സീനിയർ ക്ലാർക്ക്, ബൈസൺ വാലി ഗ്രാമപഞ്ചായത്ത്

നിലവിൽ അനധികൃതമായി അവധിയിൽ

(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി മുഖേന)

പകർപ്പ് :

1. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി ജില്ല
2. സൂപ്രണ്ട്, DEE സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വിവരാവകാശ നിയമം പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. സെക്രട്ടറി, ബൈസൺ വാലി ഗ്രാമപഞ്ചായത്ത്, (തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി മുഖേന)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Dineshan H
Date: 23-10-2025 13:26:11